പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2413 12/03/2020 ൽ മറുപടിക്ക്

**കോഴി വളർത്തൽ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.കെ. രാജൻ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ** | **അഡ്വ .കെ.രാജു**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി). |

| | | | |
|---|---|---|---|
| (എ) | മൃഗസംരക്ഷണ വകുപ്പ് വിദ്യാലയങ്ങളിലൂടെ നടപ്പാക്കുന്ന കോഴി വളർത്തൽ പദ്ധതി വിപുലീകരിക്കുമോ; എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9 ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 5 കോഴിക്കുഞ്ഞുങ്ങളും തീറ്റയും നൽകുന്ന പദ്ധതിയാണ് സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി. ഒരു വിദ്യാലയത്തിലെ 50 വിദ്യാർത്ഥികൾക്ക് വീതം പദ്ധതി ആനുകൂല്യം ലഭ്യമാക്കി വരുന്നു. 2016-17 – ൽ 175250 കോഴിക്കുഞ്ഞുങ്ങളെയും 2017-18 ൽ 226250 കോഴിക്കുഞ്ഞുങ്ങളെയും 2018-19 ൽ 32600 കോഴിക്കുഞ്ഞുങ്ങളെയും ഈ പദ്ധതി പ്രകാരം വിതരണം ചെയ്തു. 2019-20 ൽ 1305 സ്കൂളുകളിലെ 65250 വിദ്യാർത്ഥികൾക്ക് 326250 കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കും.. |
| (ബി) | സംസ്ഥാനത്ത് മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; അവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്ന് ഒരു ദിവസം പ്രായമായ കോഴി കുഞ്ഞുങ്ങളെ 280 എഗ്ഗർ നഴ്സറികൾക്ക് നൽകുകയും രണ്ട് മാസം പ്രായമാകുമ്പോൾ കോഴികളെ വകുപ്പ് തല പദ്ധതികൾക്കായും പഞ്ചായത്ത്മുഖേന നടപ്പിലാക്കുന്ന അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതികൾക്കായി ആവശ്യമുള്ള കർഷകർക്ക് മൃഗാശുപത്രികൾ വഴിയും വിതരണം ചെയ്തു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 9 ഫാമുകളിൽ നിന്നും 5388232 മുട്ടയും 3524013 കോഴിക്കുഞ്ഞുങ്ങളേയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. കുര്യോട്ടുമല, ആയൂർ തോട്ടത്തറ ഹാച്ചറികളിൽ നിന്നും 250558 കോഴിക്കുഞ്ഞുങ്ങളേയും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. താറാവ് ഫാമിൽ നിന്നും 389265 മുട്ടയും 123311 താറാവ് കുഞ്ഞുങ്ങളേയും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.<br>കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹാച്ചറി സ്ഥാപിക്കാനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. മലപ്പുറം ജില്ലയിൽ എടവണ്ണയിൽ ഒരു ഹാച്ചറിയുടെ നിർമ്മാണം പൂർത്തിയായി വരുന്നു. തൃശ്ശൂർ ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ ഒരു ഹാച്ചറി പ്രവർത്തിച്ചു വരുന്നു. ഇത്തരം നടപടികളിലൂടെ ആവശ്യമായ ഇറച്ചിക്കോഴികളെയും മുട്ടക്കോഴികളെയും നമുക്കുതന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു. ഈ ലക്ഷ്യം നേടിയാൽ മുട്ടയ്ക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും.<br><br>സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. **കെപ്കോ ആശ്രയ പദ്ധതി**<br>തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവാ പെൻഷൻ വാങ്ങുന്ന മുഴുവൻ വിധവകൾക്കും 10 കോഴി, 10 കിലോ തീറ്റ മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു. 2016 മുതൽ നാളിതുവരെ 48527 വനിതാഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.<br>2. **കെപ്കോ വനിതാമിത്രം**<br>തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിലെ 1000 വനിതകൾക്ക് 10 കോഴി, 10 കിലോ തീറ്റ, മരുന്ന് എന്നിവ നൽകുന്നു. ഓരോ ഗുണഭോക്താവും 250/- രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി. 2016 മുതൽ നാളിതുവരെ 17598 വനിതാ ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.<br>3. **കോഴിഗ്രാമം പദ്ധതി**<br>തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ 500 വനിതാ ഗുണഭോക്താക്കൾക്ക് 8 കോഴി, 5 കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു. 2016 മുതൽ നാളിതുവരെ 17456 വനിതാ ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.<br>4. **കെപ്കോ നഗരപ്രിയ പദ്ധതി**<br>തെരെഞ്ഞെടുക്കുന്ന മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിലെ 1000 ഗുണഭോക്താക്കൾക്ക് ആധുനിക രീതിയിലുള്ള ഒരു കൂടും 5 കോഴികൾ, 5 കിലോ കോഴിത്തീറ്റ, മരുന്ന് എന്നിവയും നൽകുന്നു. ഓരോ ഗുണഭോക്താവും 850/- രൂപ മാത്രം ഗുണഭോക്തൃ വിഹിതമായി അടച്ചാൽ മതി. 2016 മുതൽ നാളിതുവരെ 10994 ഗുണഭോക്താക്കൾക്ക് ഇവയുടെ ആനുകൂല്യം ലഭ്യമായിട്ടുണ്ട്.<br>5. **കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**<br>സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ 6 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും 5 കോഴി, 5 കിലോത്തീറ്റ, മരുന്ന് എന്നിവ സൗജന്യമായി നൽകുന്നു. 2016 മുതൽ നാളിതുവരെ 143931 വിദ്യാർത്ഥികൾക്ക് ഇവയുടെ ആനുകൂല്യം |

| | | | |
|---|---|---|---|
| | | | ലഭ്യമായിട്ടുണ്ട്.<br>**6. <u>ഇന്റഗ്രേഷൻ പദ്ധതി</u>**<br>സ്വന്തമായി സ്ഥലവും കോഴിവളർത്തലിന് ആവശ്യമായ സൗകര്യങ്ങളുമുള്ള തൽപരരായ കർഷകരെ ഉദ്ദേശിച്ചാണ് മുട്ടക്കോഴി വളർത്തൽ ഇന്റഗ്രേഷൻ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ കർഷകർക്ക് സൗജന്യമായി നൽകുന്നു. ഇന്റഗ്രേഷൻ സൂപ്പർവൈസർമാർ ദിവസവും ഫാം സന്ദർശിച്ച് കോഴികളുടെ ആരോഗ്യസ്ഥിതി വിലയിരുത്തുകയും കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും നൽകുന്നു. കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തിരിച്ചെടുത്ത് വിവിധ പദ്ധതികൾക്ക് വിതരണം ചെയ്യുന്നു. കർഷകർക്ക് വളർത്തുകൂലിയായി ഒരു കോഴിയ്ക്ക് ഏഴുരൂപ വരെ നൽകുന്നു.<br>7. അത്യുൽപ്പാദന ശേഷിയുള്ള ബി.വി.380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കെപ്കോയുടെ തൃശ്ശൂർ മാളയിലുള്ള പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിച്ചു കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്ത് വരുന്നു. വിവിധ കെപ്കോ സ്കീമുകൾ മുഖാന്തിരം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കോഴികളിൽ നിന്നും ലഭിക്കുന്ന മുട്ടകളുടെ വർദ്ധനവ് കണക്കിലെടുത്താൽ മുട്ടയുൽപ്പാദനത്തിൽ സമീപഭാവിയിൽ സംസ്ഥാനത്തിന് സ്വയം പര്യാപ്തത നേടാനാവുമെന്ന് പ്രത്യാശിക്കുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ